## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1833 — 15.07.2016-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് നൽകി വരുന്ന ആനുകൂല്യങ്ങൾ

**ചോദ്യം**
ശ്രീ.ഡി.കെ.മുരളി

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ; | എ) | അർഹതാ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 50,000/-രൂപ ധനസഹായമായി നൽകി വരുന്നുണ്ട്. |
| ബി) | പ്രസ്തുത ആവശ്യത്തിന് സാമ്പത്തിക സഹായമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | ബി) | അനുബന്ധം I-ആയി ഉള്ളടക്കം ചെയ്യുന്നു. |
| സി) | പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടതെന്ന് വ്യക്തമാക്കുമോ; ഇതിനായി പ്രത്യേക അപേക്ഷ ഫോറം നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | സി) | പട്ടികവർഗ്ഗ വികസന ഓഫീസർക്ക് വിവാഹ തീയതിയ്ക്ക് ഒരു മാസം മുമ്പ് അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫോറത്തിന്റെ മാതൃക അനുബന്ധം II- ആയി ചേർക്കുന്നു. അപേക്ഷയോടൊപ്പം രേഖകളായി ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. |

| | | | |
|---|---|---|---|
| ഡി) | പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് നൽകി വരുന്ന പരമാവധി സാമ്പത്തിക സഹായം എത്രയാണെന്നും മറ്റെന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത ആവശ്യത്തിനായി നൽകി വരുന്നതെന്നും അപേക്ഷ സമർപ്പിച്ച് എത്ര നാളുകൾക്കകം ഈ ആനുകൂല്യം ലഭ്യമാകുമെന്നും വിശദമാക്കുമോ? | ഡി) | പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ആവശ്യത്തിന് പരമാവധി 50,000/-രൂപ വരെ സാമ്പത്തിക സഹായം അനുവദിച്ചു നൽകി വരുന്നു. അപേക്ഷ ലഭിച്ചാൽ ഉടനെ തന്നെ അന്വേഷണം നടത്തി അപേക്ഷയിൽ മറ്റ് ന്യൂനതകൾ ഇല്ലായെന്ന് കണ്ടെത്തിയാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക ഉടൻ തന്നെ അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്